LIBRARY ARCHIVES Kerala Legislative Assembly

പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം

173(2814) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനുമായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പുരോഗമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ നടത്തി ടി സ്ഥലത്തുള്ള മണ്ണിന്റെ വിദഗ്ധ പരിശോധനയുശേഷം DRIQ Board-ൽ നിന്നുള്ള ഡിസൈൻ അനുസരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) അപ്രോച്ച് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈനുവേണ്ടി DRIQ Board-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കോസ്റ്റൽ സോൺ മാനേജുമെന്റ് അതോറിറ്റിയിൽ നിന്നും ക്ലിയറൻസിനായി അപേക്ഷിച്ചിട്ടുണ്ട്. ഡിസൈനും CZRA-യുടെ ക്ലിയറൻസും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി

174(2815) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മാടായി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, മാടായി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, ഏഴോം വെൽഫെയർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം, മാട്ടൂൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം എന്നിവയുടെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) ഇവയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയും; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മാടായി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, മാടായി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, ഏഴോം വെൽഫെയർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം, മാട്ടൂൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം എന്നിവയുടെ നിലവിലെ നിർമ്മാണ പുരോഗതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ സുരക്ഷ

175(2816) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ചുറ്റുമതിൽ ,ഗേറ്റ് എന്നിവ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടി ക്വാർട്ടേഴ്സ് കോമ്പൗണ്ടുകളിൽ നിൽക്കുന്ന പാഴ് വൃക്ഷങ്ങൾ ഒഴിവാക്കി പകരം ഔഷധ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഗേറ്റുകൾക്കുസമീപം ക്യാറ്റിൽ ട്രാപ്പുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിഷയം ഗൗരവമായി പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിൻകീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രവൃത്തി

176(2817) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചു; ഓരോന്നിന്റെയും വിശദാംശം, സർക്കാർ ഉത്തരവ്, അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും കാലിക സ്ഥിതി എന്നിവ വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly